# പിന്നാക്ക വിഭാഗ വികസന വകുപ്പ്
# എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ നടപടി ഉത്തരവ്
## ( നിലവിൽ- അനിൽ.ജി. പെൻ 487185)

വിഷയം: പിന്നാക്ക വിഭാഗ വികസനം -എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം 2020-21 -ഗുണഭോക്താക്കളുടെ അന്തിമ പട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

സൂചന: 1. സ.ഉ(സാധാ)നം.70/2013/പിസവിവ തീയതി 16.08.203
2. സ.ഉ(സാധാ)നം.06/2020/പി.വി.വി.വ തീയതി 15.05.2020
3. പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 22.09.2020 തീയതിയിലെ BCDIR/409/2020-A1 നമ്പർ വിജ്ഞാപനം
4. പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 09.11..2020 തീയതിയിലെ BCDIR/409/2020-A1 നമ്പർ ഉത്തരവ്
5. പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 24.11.2020 തീയതിയിലെ BCDIR/A1/363/2019 നമ്പർ ഉത്തരവ്
6. കോഴിക്കോട് മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ 24.12.2020 തീയതിയിലെ BCDKKD/20/2020-A2 നമ്പർ കത്ത്
7. പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 15.01.2021 തീയതിയിലെ BCDIR/409/2020-A1 നമ്പർ കത്ത്
8. ഈ ഓഫീസിലെ 18.01.2021 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്
9. കോഴിക്കോട് മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ 27.01.2021 തീയതിയിലെ BCDKKD/20/2020-A2 നമ്പർ കത്ത്

---

നം.BCDEKM/88/2020/A2 തീയതി : 29.01.2021

---

പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കുന്ന , വിവിധ മത്സര പരീക്ഷാ പരിശീലനങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതിയായ, "എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം" - ന്റെ 2020-21 വർഷത്തെ അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് പരാമർശം (3) പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. നടപ്പു സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയ്ക്കായി വകയിരുത്തിയ ആകെ തുകയിൽ നിന്ന് മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലനത്തിന് 2,15,00,000/ രൂപയും,ബാങ്കിംഗ് സർവ്വീസ് പരിശീലനത്തിന് 15,00,000/- രൂപയും ഗേറ്റ്/മാറ്റ് പരിശീലനത്തിന് 10,00,000/- രൂപയും,യു.ജി.സി/നെറ്റ്/ജെ.ആർ.എഫ് പരിശീലനത്തിന് 13,00,000/-രൂപയും,സിവിൽ സർവ്വീസ് പരിശീലനത്തിന് 47,00,000/-രൂപയുംപരിധി നിശ്ചയിച്ചും, പദ്ധതിയുടെ അന്തിമ ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നതിന് എറണാകുളം മേഖലാ ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയും പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു.

നിശ്ചിത തീയതിക്കകം എറണാകുളം ,കോഴിക്കോട് മേഖലാ ഓഫീസുകളിൽ ലഭ്യമായ അപേക്ഷകളും,അനുബന്ധ രേഖകളും സൂക്ഷ്മ പരിശോധന പൂർത്തീകരിച്ച്

വിവിധ വിഭാഗങ്ങളിൽ താൽക്കാലികമായി അർഹത നേടിയ ഗുണഭോക്താക്കളുടെ കരട് പട്ടികയും, വെയ്റ്റിംഗ് പട്ടികയും പരാമർശം(8) പ്രകാരം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പ്രസിദ്ധീകരിച്ച പട്ടികയിൽ ആക്ഷേപമുള്ളവർ ബന്ധപ്പെട്ട മേഖലാ ഓഫീസുകളുമായി ബന്ധപ്പെട്ട് ന്യൂനത പരിഹരിക്കണമെന്ന് നിർദ്ദേശം നൽകിയിരുന്നു.ആയതിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ ലഭ്യമായ ആക്ഷേപങ്ങളിന്മേലുള്ള ന്യൂനതകൾ പരിഹരിച്ചതിനുശേഷം അർഹരായ ഗുണഭോക്താക്കളുടെ അന്തിമ പട്ടിക (മെയിൻ പട്ടികയും,വെയ്റ്റിംഗ് പട്ടികയും) ചുവടെ ചേർക്കും പ്രകാരം അംഗീകരിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. (ഗുണഭോക്തൃ പട്ടിക അനുബന്ധമായി ചേർക്കുന്നു).

| വിഭാഗം | അന്തിമ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ എണ്ണം | അന്തിമ വെയ്റ്റിംഗ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ എണ്ണം | തുക |
|---|---|---|---|
| മെഡിക്കൽ /എഞ്ചിനീയറിംഗ് പരിശീലനം | 743<br>(മാർക്ക് 96.41 % വരെ) | 758<br>(മാർക്ക് 93.2 % വരെ) | ₹ 19553017 |
| മെഡിക്കൽ /എഞ്ചിനീയറിംഗ് പരിശീലനം (പ്രത്യേക പരിഗണനാ വിഭാഗം) | 74<br>(മാർക്ക് 86.33% വരെ) | 19<br>(മാർക്ക് 80.41 % വരെ) | ₹ 1944396 |
| ബാങ്കിംഗ് സർവ്വീസ് | 79<br>(മാർക്ക് 69.4% വരെ) | 30<br>(മാർക്ക് 42.5% വരെ) | ₹ 1412006 |
| ബാങ്കിംഗ് സർവ്വീസ് (പ്രത്യേക പരിഗണനാ വിഭാഗം) | 5<br>(മാർക്ക് 55% വരെ) | - | ₹ 84842 |
| ഗേറ്റ്/മാറ്റ് | 40<br>(മാർക്ക് 69.23% വരെ) | 4<br>(മാർക്ക് 65.25% വരെ) | ₹ 957000 |
| ഗേറ്റ്/മാറ്റ്(പ്രത്യേക പരിഗണനാ വിഭാഗം) | 1<br>(മാർക്ക് 68.05% വരെ) | - | ₹ 24000 |
| യു .ജി .സി /നെറ്റ്/ജെ.ആർ.എഫ് | 58<br>(മാർക്ക് 71.17% വരെ) | 10<br>(മാർക്ക് 57.25% വരെ) | ₹ 1273300 |
| യു .ജി .സി /നെറ്റ്/ജെ.ആർ.എഫ് | 1<br>(മാർക്ക് 64.5% വരെ) | - | ₹ 25000 |

| | | | |
|---|---|---|---|
| (പ്രത്യേക പരിഗണനാ വിഭാഗം) | | | |
| സിവിൽ സർവ്വീസ്-മെയിൻ പരീക്ഷാ പരിശീലനം | 6 (മാർക്ക് 63% വരെ) | – | ₹ 132000 |
| സിവിൽ സർവ്വീസ് – പ്രിലിമിനറി പരീക്ഷാ പരിശീലനം | 183 (മാർക്ക് 54.6% വരെ) | 14 (മാർക്ക് 37 % വരെ) | ₹449918 2 |
| സിവിൽ സർവ്വീസ് – പ്രിലിമിനറി പരീക്ഷാ പരിശീലനം(പ്രത്യേക പരിഗണനാ വിഭാഗം) | 2 (മാർക്ക് 48.2% വരെ) | – | ₹ 50000 |

അന്തിമ പട്ടികയിൽ ഉൾപ്പെട്ടവർക്ക് അർഹമായ തുക അവരവരുടെ ബാങ്ക് അക്കൌണ്ടുകളിലേക്ക് ബന്ധപ്പെട്ട മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർ ബിൽ ഇൻഫർമേഷൻ ആന്റ് മാനേജ്മെന്റ് സിസ്റ്റം മുഖേന ട്രാൻസ്ഫർ ചെയ്യേണ്ടതാണ്. ഇതിലേയ്ക്കാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തെ 2225-03-277-90( പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും തേർച്ച ചെയ്യേണ്ടതാണ്.

Signature valid
Digitally signed by Anil G
Date: 2021.01.29 15:44:07 IST
Reason: Approved
ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് : 1. ഡയറക്ടർ,പിന്നാക്ക വിഭാഗ വികസന വകുപ്പ് (ഉപരി പത്രം സഹിതം അറിവിലേക്കായി)

2 അക്കൌണ്ടന്റ് ജനറൽ,എ &ഇ,കേരളം(ഉപരി പത്രം സഹിതം അറിവിലേക്കായി)

3 മേഖലാ ഡെപ്യൂട്ടി ഡയറക്ടർ,കോഴിക്കോട്

4 ജില്ലാ ട്രഷറി ഓഫീസർ.കാക്കനാട്,എറണാകുളം

5 ഐ.ടി ഡിവിഷൻ കോർഡിനേറ്റർ, വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

6 കരുതൽ/അധികം

പിന്നാക്ക വിഭാഗ വികസന വകുപ്പ് മേഖലാ ആഫീസ് എറണാകുളം